# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 02

ജനുവരി 25 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


**മൂന്നാംകുറ്റി കോളനി പുനർനിർമാണം**

## വീണ്ടും പാതിവഴിയിൽ

**ശാനിബ റ്റി**

മൂന്നാംകുറ്റി: കാലവർഷത്തിനു മുൻപേ വീട്ടിൽ കയറി താമസിക്കാൻ പറ്റുകയില്ലേയെന്ന ആശങ്കയിൽ മൂന്നാംകുറ്റി കോളനി നിവാസികൾ. അംബേദ്കർ വികസന സെറ്റിൽമെന്റ് പദ്ധതിയുടെ കീഴിൽ ആരംഭിച്ച നിർമാണ പ്രവർത്തനങ്ങൾ നിശ്ചയിച്ച തീയതി കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ല. കോളനിനിവാസികളും നിർമാണപ്രവർത്തകരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണ് ഇപ്പോൾ തുടർപ്രവർത്തനങ്ങൾക്ക് തടസ്സമായിരിക്കുന്നത്.

ഒന്നര വർഷം മുൻപ് ആരംഭിച്ച നിർമാണപ്രവർത്തനങ്ങൾ പാതിവഴിയിൽ നിന്നുപോയത് അങ്ങാടിപത്രം റിപ്പോർട്ട് ചെയ്തിരുന്നു. കളക്ടറുടെയും എം എൽ എയുടെയും നേതൃത്വത്തിൽ കളക്ടറേറ്റിൽ വെച്ച് നടന്ന യോഗത്തിൽ എത്രയും പെട്ടെന്ന് പണി തീർക്കാനുള്ള കളക്ടറുടെ നിർദ്ദേശവും അങ്ങാടിപത്രത്തിന്റെ സംയോചിതമായ ഇടപെടലും, തുടർന്ന് കോൺട്രാക്ടറും കോളനിവാസികളും തമ്മിൽ നടന്ന ചർച്ചയും പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കാരണമായി. ഫെബ്രുവരി 15 ന് മുൻപായി നാലു വീടുകളും കമ്മ്യൂണിറ്റി ഹാളും പൂർത്തിയാക്കാനും, പന്ത്രണ്ട് വീടുകളുടെ പണിയും മറ്റു പണികളും മാർച്ച് 31 ന് മുൻപായി തീർക്കാനും തീരുമാനമായിരുന്നു. ഫെബ്രുവരിക്കു മുൻപായി തീർക്കേണ്ട വീടുകളുടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

'കോളനിയിലെ പഴയ വീട് പൊളിച്ചു മാറ്റുന്ന സമയത്ത് ജീർണിച്ച അവസ്ഥയിലായിരുന്നു ചുമരുകൾ. പണിക്കാർ പഴയ തറ വാനം മാന്തി അതിന്റെ മേലിൽ തറ കെട്ടാൻ ശ്രമിച്ചിരുന്നു. ഞങ്ങൾ സമ്മതിച്ചില്ല. പഴയ മണ്ണും കല്ലും മാറ്റിയിട്ട് വൃത്തിയായി കെട്ടി തന്നാൽ മതിയെന്ന് പറഞ്ഞതിന് പണി നിർത്തി വെച്ച് പോയി. പിന്നീട് പഞ്ചായത്ത് ഇടപെട്ട് പണി വീണ്ടും തുടങ്ങി. ഓടാണെങ്കിലും വാർപ്പാണെങ്കിലും മഴ വരുന്നതിന് മുൻപേ വൃത്തിയിൽ പണി തീർത്തു തന്നാൽ മതി. പെണ്മക്കളെയും രോഗികളെയും കൊണ്ട് അടച്ചുറപ്പില്ലാത്ത താത്കാലിക ഷെഡ്ഡിൽ എന്തു വിശ്വസിച്ച് ഈ കാലത്ത് ജീവിക്കും?'. കോളനിവാസി അനിത മനോജ് പറഞ്ഞു.

'ഒരു വീടിന്റെ പണി ഏതാണ്ട് പൂർത്തിയായി റൂഫിങ്ങിന് കമ്പി ഇട്ടിട്ടുണ്ട്. അടുക്കളയിൽ പാത്രങ്ങൾ വെക്കാൻ തട്ടോ, വസ്ത്രങ്ങൾ വെക്കാൻ അലമാരയോ ഇല്ലാതെയാണ് ഓരോ വീടും പ്ലാൻ ചെയ്തിട്ടുള്ളത്. രണ്ട് റൂമും ഒരു അടുക്കളയും ഹാളും വരാന്തയും, അതിൽ തട്ടുകളും അലമാരയൊന്നും ഇല്ലാതെ തൊഴുത്ത് പോലെയാണോ ജീവിക്കേണ്ടത്? എനിക്ക് കാൻസർ ആണ് ഭർത്താവിനും സുഖമില്ല. വീട് എങ്ങനെയെങ്കിലും ആയികിട്ടിയാൽ വലിയ ആശ്വാസമാണ്. ഇപ്പോൾ ഞങ്ങൾ താമസിക്കുന്ന സ്ഥലം കണ്ടോ?' ഷീറ്റ് വിരിച്ച ഷെഡ്ഡ് ചൂണ്ടി കാട്ടി ബിന്ദു ബാബു പറഞ്ഞു.



നിർമാണം നടക്കുന്ന മൂന്നാംകുറ്റി കോളനിയിലെ വീടുകളിലൊന്ന്

'2005 ൽ സർക്കാരിൽ നിന്ന് ലഭിച്ച 75000 രൂപ കൊണ്ട് പണിത വീട്ടിലാണ് ഈ കുടുംബങ്ങൾ 16 കൊല്ലം ജീവിച്ചത്. കോൺട്രാക്ട് കൊടുക്കാതെ സ്വന്തമായി പണിക്കാരെക്കൊണ്ട് ഓരോ വീടും നിർമിക്കുകയായിരുന്നു. തുക തികയാത്തതു കൊണ്ട് ഓരോ വീട്ടുകാരും 25000 രൂപ കൂടി എടുത്താണ് വീട് നിർമിച്ചത്. ഇപ്പോൾ ഒരു വീടിന് 6 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്, ഒരു കോളനിക്ക് ഒരു കോടിയും, ഇതൊന്നും ഞങ്ങൾക്ക് അറിയില്ലെന്നാണ് എല്ലാവരുടെയും വിചാരം. ഞങ്ങൾക്ക് എല്ലാം അറിയാം. ഇപ്പോൾ പണി നിർത്തി വച്ചാൽ ഞങ്ങൾക്ക് തന്നെയാണ് നഷ്ടം. എങ്കിലും സർക്കാർ തരുന്ന പൈസക്ക് വീട് വൃത്തിയായി എടുപ്പിക്കണ്ടേ? ഇനി ഇതു പോലെ ഫണ്ട് കിട്ടണമെങ്കിൽ പത്ത് പതിനഞ്ചു കൊല്ലം കഴിയണം. അത് വരെ ഞങ്ങളുടെ കുട്ടികളെയും കൊണ്ട് ജീവിക്കണ്ടേ? ഞങ്ങൾക്ക് വേണ്ടത് ഉത്തരങ്ങളല്ല, മറിച്ച് ഞങ്ങളുടെ ദുരിതങ്ങൾക്ക് അറുതി വരുത്താൻ അധികാരപ്പെട്ടവർ എത്രയും പെട്ടെന്ന് വീട് പണിതു നൽകണം' അനിത പറഞ്ഞു.

'നിലവിൽ 12 വീടുകൾ പുതുക്കി പണിയാനും 4 വീടുകൾ പൊളിച്ചു പണിയാനുമാണ് ധന സഹായം അനുവദിച്ചിട്ടുള്ളത്. ഒരു വീട് റൂഫിങ് ചെയ്യുന്നുണ്ട്. ഒന്നിന്റെ തറ കെട്ടുന്നുണ്ട്. മറ്റൊരു വീടിന്റെ തറപ്പണി തീർന്ന് കല്ല് കെട്ടുന്നു. നിർമാണം നടക്കുന്നുണ്ടെങ്കിലും കോളനിവാസികളും പണിക്കാരും തമ്മിലുള്ള ചെറിയ വാക്കുതർക്കങ്ങളാണ് ഇടയ്ക്ക് പണി നിർത്തിവെക്കാൻ കാരണം. ഈ വാക്കുതർക്കങ്ങൾ ദുരിതങ്ങൾക്ക് ആക്കം കൂട്ടുന്നു'. പ്രദേശവാസികൾ പറഞ്ഞു.

## എടൂർ – പാലത്തുംകടവ് റോഡ് നിർമാണം പുരോഗമിക്കുന്നു

**എലിസബത്ത് റ്റി സാബു**

അങ്ങാടിക്കടവ്: റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായ എടൂർ - പാലത്തുംകടവ് റോഡ് നിർമാണം പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് ട്രാൻസ്പോർട് പ്രോജക്ടിന്റെ (കെ.എസ്.ടി.പി) കീഴിൽ 135.6 കോടി രൂപ മുതൽമുടക്കിൽ 24.45 കിലോമീറ്റർ ദൈർഘ്യമുള്ള എടൂർ - പാലത്തുംകടവ് റോഡിന്റെ നിർമാണ പ്രവർത്തിയിൽ ആനപന്തി മുതൽ അങ്ങാടിക്കടവ് വരെയുള്ള പ്രവർത്തനങ്ങളാണ് ദ്രുതഗതിയിൽ പുരോഗമിക്കുന്നത്.

'നിലവിൽ ഈ മേഖലയിലെ കലുങ്ക് നിർമാണം ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ആനപന്തി മുതൽ അങ്ങാടിക്കടവ് പള്ളിവരെയുള്ള ആദ്യഘട്ട നിർമാണ പ്രവർത്തനങ്ങൾ ഫെബ്രുവരി പകുതിയോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ടാറിങ്ങ് പ്രവർത്തനങ്ങൾ അടുത്ത ആഴ്ച തുടങ്ങാമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്'. ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനി മാനേജർ റസീൽ പറഞ്ഞു.

പൊതുവായുള്ളൊരു വികസന പ്രവർത്തനമായതിനാൽ തുടക്കത്തിൽ ഈ പദ്ധതിയോട് വൈമുഖ്യം കാണിച്ചവരും സ്ഥലം വിട്ടുനല്കാൻ മടികാണിച്ചവരും ഇപ്പോൾ സഹകരിക്കുന്നുണ്ട്. 'അങ്ങാടിക്കടവ് ടൗൺ ഉൾപ്പെടെ പള്ളി വരെയുള്ള വഴിയുടെ വീതി കൂട്ടി. ഓവുചാലുകളുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പ്രദേശവാസികളുടെയും വ്യാപാരികളുടെയും സഹകരണമുള്ളതിനാൽ തന്നെ റോഡിന്റെ പണി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്' അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.




നിർമാണം പൂർത്തിയാകുന്ന എടൂർ - പാലത്തുംകടവ് റോഡ്

'ആനപന്തി മുതൽ അങ്ങാടിക്കടവ് വരെ ഏഴ് മീറ്റർ വീതിയിലും മറ്റിടങ്ങളിൽ അഞ്ചര മീറ്റർ വീതിയിലുമാണ് റോഡിന്റെ നിർമാണം. ടൗണുകളിൽ റോഡിന്റെ വീതി 12 മീറ്ററായിരിക്കും. ഡോൺ ബോസ്കോ കോളേജ് മുതൽ അങ്ങാടിക്കടവ് ടൗൺ ഉൾപ്പെടെ പള്ളി വരെയുള്ള റോഡിന്റെ വീതി പന്ത്രണ്ട് മീറ്ററിലാക്കണം എന്നത് ജനകീയ ചർച്ചയുടെ ഫലമായുള്ള തീരുമാനമാണ്. ഇതിൽ ഇരുവശങ്ങളിലായുള്ള നടപ്പാതയും ഉൾപ്പെടുന്നു. മതിലുകൾ നഷ്ട്ടപ്പെടുന്നവർക്ക് പുനർനിർമിച്ചുക്കൊടുക്കാമെന്ന് അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ട്'. വാർഡ് മെമ്പർ സിബി വാഴക്കാല പറഞ്ഞു.

നിർമാണ പ്രവർത്തനങ്ങൾ വേഗത്തിൽ നടക്കുന്നുണ്ടെങ്കിലും പരിസരപ്രദേശങ്ങളിലെ നിവാസികൾക്കും വ്യാപാരികൾക്കും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്. യാത്രാക്ളേശവും പൊടിശല്യവുമാണ് പ്രധാനകാരണം.

'ദിവസത്തിൽ രണ്ട് നേരം നനയ്ക്കുന്നുണ്ടങ്കിലും പൊടിശല്യം രൂക്ഷമാണ്. ഓരോ മണിക്കൂറു കൂടുമ്പോളും സാധനങ്ങൾ വൃത്തിയാക്കേണ്ട അവസ്ഥയാണ്'. പ്രദേശത്തെ വ്യാപാരികൾ പറഞ്ഞു.

**വായനക്കാർക്ക് അങ്ങാടിപത്രത്തിന്റെ റിപ്പബ്ലിക് ദിനാശംസകൾ**

## നൈപുണ്യ വികസന പരിശീലനം നടത്തി ദിശ

**നയന എം നായർ**

അങ്ങാടിക്കടവ്: ദിശ (ഡോൺ ബോസ്കോ ഇനിഷ്യേയേറ്റീവ്സ് ഫോർ സോഷ്യൽ ആക്ഷൻ) യുടെ നേതൃത്വത്തിൽ അയ്യൻകുന്ന് പഞ്ചായത്തിലെ വനിതകൾക്കായി നൈപുണ്യ വികസന പരിശീലനം നടന്നു. ഡോൺ ബോസ്കോ കോളേജിൽ 11,15,19,20,21 തീയതികളിലാണ് പരിശീലനം നടന്നത്. കോഴി വളർത്തൽ, ഡിറ്റർജന്റ് നിർമാണം, ആഭരണ നിർമാണം, എംബ്രോയിഡറി തുടങ്ങിയവയിലായിരുന്നു പരിശീലനം. ഓരോ വാർഡിൽ നിന്നും പങ്കെടുക്കാൻ താത്പര്യമുള്ള 10 പേർക്കാണ് പരിശീലനം നൽകിയത്.

പരിശീലനത്തോടൊപ്പം ഡിറ്റർജന്റ് നിർമാണം, ആഭരണ നിർമാണം, എംബ്രോയിഡറി തുടങ്ങിയവ ചെയ്യുന്നവർക്ക് ദിശയുടെ നേതൃത്വത്തിൽ ആവശ്യമായ നിർമാണ സാമഗ്രികൾ വിതരണം ചെയ്തു. കോഴി വളർത്തലിൽ പരിശീലനം ലഭിച്ചവർക്ക് കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യും.

'സ്ത്രീശാക്തീകരണവും തൊഴിൽ ക്ഷമതക്കായുള്ള കഴിവുകൾ വളർത്തി അതിലൂടെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കലുമാണ് വീലീവ് എന്ന പ്രോജക്ടിന്റെ ലക്ഷ്യം. വീലീവ് പ്രോജക്ടിന്റെ ഭാഗമായാണ് നൈപുണ്യ വികസന പരിശീലന പരിപാടി നടത്തിയത്'. ദിശ ഡയറക്ടറും ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് വൈസ് പ്രിൻസിപ്പലുമായ ഫാ. സോജൻ പനച്ചിക്കൽ പറഞ്ഞു.

'ഈ പരിശീലന പരിപാടി വളരെ ഉപയോഗപ്രദമായിരുന്നു. വീടിനടുത്ത് തന്നെ നടന്ന പരിശീലന പരിപാടിയിൽ നൈപുണ്യം നേടാനായതിൽ സന്തോഷമുണ്ട്'. എംബ്രോയിഡറിയിൽ പരിശീലനം ലഭിച്ച ജെസി കെ എം പീടികയിൽ പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പരിശീലനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ദിശ ഡയറക്ടർ ഫാ.സോജൻ പനച്ചിക്കൽ, വീലീവ് പ്രോജക്ട് സ്റ്റാഫ് ലിസി സിറിയക്ക്, വാർഡ് മെമ്പർ ജോസ് ഏവൺ, കുടുംബശ്രീ മെമ്പർ ഗ്രേസി തോമസ് എന്നിവർ സംസാരിച്ചു. പോൾട്രി ഫാം ട്രെയിനർ ജോർജ് കീഴ്പ്പള്ളി കോഴി വളർത്തലിനെക്കുറിച്ചുള്ള പരിശീലന ക്ലാസ് നയിച്ചു.




പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുന്നു

## എഡിറ്റോറിയൽ

### അവസരങ്ങളെ ജീവിത മാർഗ്ഗങ്ങളാക്കുന്നവർ

'എല്ലാവരും ഒരുപോലെ കഴിവുള്ളവരാകണമെന്നില്ല. എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള അവസരം ഏവർക്കും ഒരുപോലെയാണ്', എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ. നിത്യജീവിതത്തിൽ ധാരാളം അവസരങ്ങൾ നമുക്ക് ലഭിക്കുന്നു. അവയെ സ്ഥിരോത്സാഹത്തോടെ പിന്തുടരുന്നവർക്ക് മുന്നിൽ അനേകം വഴികൾ തുറന്നുകിട്ടുന്നു. ലഭിച്ച അവസരത്തിന്റെ പൂർണ്ണ വിനിയോഗം ജീവിത വിജയം സുനിശ്ചിതമാക്കും.

പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് ഒരു ചെറിയ മുറിയിൽ ആരംഭിച്ച അഞ്ച് അമ്മമാരുടെ സംരംഭം അവസരങ്ങളെ എങ്ങനെ ജീവിതമാർഗമാക്കാം എന്നതിന്റെ മാതൃകയാണ്. കുടുംബശ്രീ വഴിയായി ലഭിച്ച സ്വയം തൊഴിൽ പരിശീലനത്തിന്റെ ബലത്തിൽ ആരംഭിച്ച അമൃതം യൂണിറ്റ് നാടിന് അഭിമാനമായി തിളങ്ങിനില്ക്കുന്നു. പ്രാരംഭദശയിലെ വെല്ലുവിളികൾ ഏറ്റെടുത്ത്, പ്രതിസന്ധികളിൽ തളരാതെ മുൻപോട്ട് പോയ അവർ വിജയികളായി. ലഭിച്ച പരിശീലനത്തിന്റെ അവസരം ഒരു ജീവിത മാർഗ്ഗമാക്കാൻ അവർക്ക് കഴിഞ്ഞതിൽ പരിശീലനം നൽകിയവർക്കും അഭിമാനിക്കാം.

ഇതുപ്പോലെ ധാരാളം പദ്ധതികൾ നമുക്കു ചുറ്റുമുണ്ട്. എന്നാൽ അവയെ കുറിച്ചുള്ള ധാരണയില്ലായ്മ, പരിശീലനം നേടുവാനുള്ള താത്പര്യകുറവ്, പരിശീലിച്ച കാര്യങ്ങൾ പ്രായോഗിക തലത്തിലേക്ക് എത്തിക്കുവാനുള്ള ധൈര്യമില്ലായ്മ എല്ലാം ഇത്തരം പദ്ധതികളുടെ ഫലപ്രാപ്തി വിദൂരമാക്കുന്നു.

ഗവൺമെന്റും ഗവൺമെന്റേതര ഏജൻസികളും വഴിയായി നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്. സ്വന്തമായി ഉപജീവന മാർഗം കണ്ടെത്തുവാൻ കുടുംബശ്രീ അംഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ട നൈപുണ്യ - വികസന പരിശീലനം ശ്ളാഘനീയമാണ്. ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ പൊടി തട്ടിയെടുക്കാനും പുതിയ ആശയങ്ങൾക്ക് രൂപം കൊടുക്കാനും പരിശീലന സംഗമം വഴിതെളിക്കുന്നു. പരിശീലനം ലഭിച്ചവർ അതിനെ ഉപയോഗിക്കുന്നതിനനുസരിച്ചിരിക്കും അവയുടെ ഫലപ്രാപ്തി. മഹാമാരികൾ വീണ്ടും തലപൊക്കുമ്പോൾ, സ്ഥിരം വരുമാനമാർഗങ്ങൾ ഇല്ലാതെ വരുമ്പോൾ ഇത്തരം അവസരങ്ങളെ കണ്ടെത്തി ജീവിത മാർഗ്ഗങ്ങളാക്കി സ്വയം പര്യാപ്തത നേടാം.

- എഡിറ്റർ

# റിങ്ങ് കമ്പോസ്റ്റ് വിതരണം ആരംഭിച്ചു

ജിഷ്ണ ബാലകൃഷ്ണൻ എം

അയ്യൻകുന്ന്: പഞ്ചായത്തിലെ എല്ലാ വീടുകളിലും മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് സമ്പൂർണ്ണ ശുചിത്വം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ റിങ്ങ് കമ്പോസ്റ്റ് വിതരണോദ്ഘാടനം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ജനുവരി 18ന് ചരളിൽ വച്ച് ആദ്യ ഘട്ട റിങ്ങ് കമ്പോസ്റ്റ് വിതരണം ചെയ്തു.

2021 - 22 ലെ വാർഷിക പദ്ധതി പ്രകാരം ജനകീയ ആസൂത്രണ പദ്ധതി വഴിയാണ് റിങ്ങ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നത്.

'മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക അടുക്കള തോട്ടങ്ങൾക്കാവശ്യമായ ജൈവവളം നിർമിച്ചെടുക്കുക, അതിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ അയ്യൻകുന്ന് പഞ്ചായത്തിലെ പതിനാറ് വാർഡുകളിലായി 250 രൂപ അടച്ച് അപേക്ഷ സമർപ്പിച്ച 415 പേർക്കാണ് റിങ്ങ് കമ്പോസ്റ്റ് ലഭ്യമാക്കുന്നത്'. നാലാം വാർഡ് മെമ്പർ സീമ മനോജ് പറഞ്ഞു.

വൈസ് പ്രസിഡന്റ് ലിസി തോമസ്, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാരായ മിനി വിശ്വനാഥൻ, സിന്ധു ബെന്നി, ബീന റോജസ്, മെമ്പർമാരായ സജി മച്ചിത്താനിയിൽ, ഐസക് ജോസഫ്, ജോസഫ് വട്ടുക്കുളം, സീമ മനോജ്, ബിനോയ്, എൽസമ്മ ജോസഫ്, ഫിലോമിന മാണി, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



റിങ്ങ് കമ്പോസ്റ്റ് വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവഹിക്കുന്നു

# പാലിയേറ്റീവ് ഡേ കെയർ ആചരണം നടത്തി

ശാനിബ റ്റി

അയ്യൻകുന്ന് : പാലിയേറ്റീവ് ഡേ കെയറിന്റെ ആചരണം ജനുവരി 15 ന് പഞ്ചായത്ത് കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ടു. സന്നദ്ധ സംഘടനകൾ ചേർന്ന് പാലിയേറ്റീവ് വാർഡിലെ 200 രോഗികൾക്ക് ബെഡ്ഷീറ്റുകൾ വിതരണം നടത്തി. ഹെൽത്ത് ഡോക്ടേഴ്സ്, സ്റ്റാഫ് നേഴ്സസ്, ഹെൽത്ത് വർക്കേഴ്സ്, ആശാ വർക്കേഴ്സ് തുടങ്ങിയവർക്ക് മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. ആചരണത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പിള്ളിക്കുന്നേൽ നിർവ്വഹിച്ചു.

### അറിയിപ്പ്

ബാങ്ക് അക്കൗണ്ടുവഴി പെൻഷൻ കൈപ്പറ്റുന്ന (വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ) ഗുണഭോക്താക്കളുടെ ബി പി എൽ വിവരങ്ങൾ സൈറ്റിൽ രേഖപ്പെടുത്തുന്നതിനായി പെൻഷൻ കൈപ്പറ്റുന്ന മഞ്ഞ, പിങ്ക് കാർഡ് ഉടമകൾ റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡ് കോപ്പി എന്നിവ മൂന്ന് ദിവസത്തിനകം പഞ്ചായത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

# അമൃതം വിളമ്പുന്ന അമ്മമാർ

ലിഡിയ ജേക്കബ്



'അമ്മ താൻ തന്നെ പകർന്ന് തരുമ്പോഴെ നമ്മൾക്കമൃതും അമൃതായ് തോന്നൂ...' കവിവാക്യം പോലെ അമ്മയുടെ വാൽസല്യം തുളുമ്പുന്ന കൈകളാൽ നൽകുന്ന എന്തും കുഞ്ഞുങ്ങൾക്ക് അമൃതാണ്. എന്നാൽ അമ്മമാർ യഥാർത്ഥ അമൃത് വിളമ്പിയാലോ? ചരളിലുണ്ട് യഥാർത്ഥ അമൃത് വിളമ്പുന്ന അമ്മമാർ. തങ്ങളുടെ സ്നേഹവും വാൽസല്യവും സമംചേർത്ത് ഈ അമ്മമാർ പാക്കറ്റിലാക്കുന്നു.

അയ്യംകുന്ന്, ആറളം പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളിലേക്കും 3 വയസിൽ താഴെയുള്ള കുട്ടികളുടെ പോഷകാഹാരമായ അമൃതം പൊടി നിർമിക്കുന്നത് ഷൈനി, കുഞ്ഞുമോൾ, ലിസി, ജിൻസി, ഷാന്റി എന്ന അഞ്ച് അമ്മമാരാണ്. ഇവരുടെ കഷ്ടപ്പാടും ആത്മസമർപ്പണവും കൂടിയുണ്ട് 500 ഗ്രാമടങ്ങുന്ന ഓരോ അമൃതം പൊടി പാക്കറ്റിനു പിന്നിലും.

'അയ്യൻകുന്ന് പഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളായിരുന്ന ഞങ്ങൾ കൂലിപ്പണിയെടുത്തും കന്നുകാലികളെ വളർത്തിയുമാണ് കുടുംബത്തിനുള്ള വരുമാനം കണ്ടെത്തിയിരുന്നത്. 2007 ലാണ് കുടുംബശ്രീയുടെ കീഴിലുള്ള ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ചറിയുന്നത്. എത്ര കഷ്ടപ്പെട്ടും ഞങ്ങളുടെ കുടുംബത്തിന് കുറച്ചുകൂടി മെച്ചപ്പെട്ട വരുമാന മാർഗം വേണമെന്ന ചിന്ത, തികച്ചും സാധാരണക്കാരായ ഞങ്ങൾ അഞ്ചുപേരെ ഇങ്ങനെയൊരു സംരംഭം തുടക്കം കുറിക്കുന്നതിലേക്കെത്തിച്ചു'. ഷൈനി സാബു പറഞ്ഞു.

അഞ്ചംഗസംഘം ആരംഭിച്ച ഈ സംരംഭം അവരുടെ മാത്രമല്ല പിന്നീട് ഇതിലേക്ക് വന്ന പല അമ്മമാരുടെയും ജീവിതത്തിന് വലിയ വഴിത്തിരിവാകുകയായിരുന്നു. ആദ്യകാലങ്ങളിൽ കഷ്ടപാടുകളേറെ ഉണ്ടായിരുന്നു. ഇവരുടെ ദൃഢനിശ്ചയവും കഠിനാധ്വാനവുമാണ് ഈ കൊച്ചു സംരംഭത്തെ വലിയ വിജയത്തിലേക്കെത്തിച്ചത്.

'പൊടിക്കുള്ള സാധനങ്ങളായ ഗോതമ്പ്, സോയ, നിലകടല, കടല പരിപ്പ്, പഞ്ചസാര എന്നിവ കടയിൽ നിന്നും കടം എടുത്തും ചേരുവകൾ വറക്കാനുള്ള റോസ്റ്റർ മെഷീൻ കുടുംബശ്രീയിൽ നിന്നും മറ്റും ലോണെടുത്തും വാങ്ങി. പൊടിക്കാനുള്ള മെഷീൻ ഇല്ലാതിരുന്നതിനാൽ സാധനങ്ങൾ ചാക്കിൽ കെട്ടി ചുമന്ന് ഗുഡ്സ് ഓട്ടോറിക്ഷയിൽ കയറ്റി അങ്ങാടിക്കടവ് ടൗണിൽ കൊണ്ടുപോയി പൊടിച്ചായിരുന്നു നിർമാണം ആരംഭിച്ചത്. കൂടാതെ ഉൽപ്പന്നങ്ങൾ ഞങ്ങൾ തന്നെ കൊണ്ടുപോയി വിൽക്കുകയായിരുന്നു'. കുഞ്ഞുമോൾ രാജു ഓർത്തെടുത്തു.

പിന്നീട് സർക്കാർ ഇത് സംയോജിത ശിശുവികസന സേവന പദ്ധതിയുടെ (ICDS) കീഴിൽ ഉൾപ്പെടുത്തുകയും അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളിലേക്ക് അമൃതംപൊടി എത്തിക്കുന്ന യൂണിറ്റായി മാറ്റുകയും ചെയ്തു. അത് ഈ വനിതകൾക്കും കുടുംബങ്ങൾക്കും കൈത്താങ്ങായി. ചെറിയ രീതിയിൽ തുടങ്ങിയ സംരംഭം പതുക്കെ വളർന്ന് തുടങ്ങി. ഒരു രൂപ പോലും ലഭിക്കാതിരുന്ന സംരംഭത്തിൽ നിന്നും മെല്ലെ വരുമാനം ലഭിച്ചു തുടങ്ങി. ഇതിനിടയിൽ ഷൈനിയും കുഞ്ഞുമോളുമൊഴികെ ബാക്കിയുണ്ടായിരുന്നവർ മാറി ലിസി ബേബിയും ജിൻസി മാത്യുവും ഷാന്റി ദേവസ്യയും അവരോടൊപ്പം ചേർന്നു. പിന്നെയും ഏറെ പ്രതിസന്ധികൾ ഇവരെ തേടിയെത്തി.

അമൃതംപൊടി നിർമിച്ചിരുന്ന കെട്ടിടത്തിൽ നിന്നും അവർക്ക് മാറേണ്ടതായി വന്നു. കെട്ടിടമില്ലാതെ വിഷമിച്ച അവർക്ക് തോമസ് ചന്ദ്രൻകുന്നേൽ എന്ന വ്യക്തി മറ്റൊരു കെട്ടിടം പണിതുനൽകി. ആ കെട്ടിടത്തിൽ വീണ്ടും അമ്മമാർ തങ്ങളുടെ സ്വപ്നങ്ങളുടേയും പ്രതീക്ഷകളുടെയും അമൃതം പൊടിച്ചുതുടങ്ങി. അങ്ങനെ 12 വർഷത്തോളം ആ കെട്ടിടത്തിൽ നിന്നും കുരുന്നുകളുടെ വയറും മനസും നിറയ്ക്കുന്ന അമൃതംപൊടി അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളിലേക്കെത്തി. കുരുന്നുകളുടെ വളർച്ചയ്ക്കൊപ്പം ഈ അമ്മമാരുടെ ജീവിതവും പച്ചപിടിക്കുകയായിരുന്നു.

രണ്ട് വർഷം മുൻപ് അങ്ങാടിക്കടവിലെ കെട്ടിടത്തിൽ നിന്നും കുറച്ചുകൂടി സൗകര്യത്തിൽ ചരളിലേക്ക് സ്ഥാപനം മാറ്റി. എല്ലാ മാസവും 4300 കിലോയോളം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. 'വലിയ ലാഭമോ യൂണിറ്റിന് ആസ്തിയോ ഒന്നുമില്ലെങ്കിൽ പോലും അഞ്ച് കുടുംബങ്ങൾ കഴിഞ്ഞ് പോകുന്നതിന്റേയും മുൻപുള്ളതിനേക്കാൾ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെട്ടതിന്റേയും പ്രധാന കാരണം ഈ സംരംഭമാണ്. സാധനങ്ങളുടെ വിലക്കയറ്റവും മറ്റും മൂലം മുന്നോട്ട് കൊണ്ടുപോകാൻ കഷ്ടപ്പെടുന്നുണ്ടെങ്കിലും സാധാരണക്കാരായ ഞങ്ങൾ വനിതകൾക്ക് ഒരു സ്ഥിരവരുമാനമുള്ളതിൽ തികച്ചും സന്തുഷ്ടരാണ്'. ആദ്യകാലം മുതൽ അംഗമായ കുഞ്ഞുമോൾ രാജു പറഞ്ഞു.

# വാർഷിക വികസന സെമിനാർ നടത്തി

സെബിമോൾ കെ വർഗീസ്

അങ്ങാടിക്കടവ്: അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ചുള്ള വികസന സെമിനാർ ഇരിട്ടി ബ്ലോക്ക് പഞ്ചാത്ത് പ്രസിഡന്റ് കെ വേലായുധൻ ഉദ്ഘാടനം ചെയ്തു. മുൻ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി വരും വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ മുന്നൊരുക്കമായിട്ടാണ് സെമിനാർ നടത്തിയത്. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർ പേഴ്സൺ മിനി വിശ്വനാഥൻ കരട് പദ്ധതിരേഖ അവതരിപ്പിച്ചു.

'വർക്കിംഗ് ഗ്രൂപ്പിന്റെയും ഗ്രാമസഭകളുടെയും നിർദേശങ്ങൾ ക്രോഡികരിച്ചു 2022-27 വർഷത്തെ പഞ്ചവത്സര പദ്ധതിയേയും 2022-23 വാർഷിക പദ്ധതിയേയും മുൻനിർത്തി തയ്യാറാക്കിയ കരട് പദ്ധതിരേഖയിൽ പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര ലഘൂകരണം, വനിത വികസനം, ആരോഗ്യം, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, പൊതുമരാമത്ത്, റോഡു നിർമാണം തുടങ്ങി എല്ലാ മേഖലകളിലെയും വികസനം ലക്ഷ്യം വയ്ക്കുന്നു. സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും കിട്ടുന്ന ഫണ്ടുകളുടെ ലഭ്യതയ്ക്കനുസരിച്ച് വികസന പ്രവർത്തനങ്ങൾ അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഭരണ സമതി എന്നും മുന്നിലുണ്ടാകും'. സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർ പേഴ്സൺ മിനി വിശ്വനാഥൻ പറഞ്ഞു.




ഗ്രാമപഞ്ചായത്ത് വികസന സെമിനാർ ഇരിട്ടി ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ജില്ലപഞ്ചായത്ത് മെമ്പർ ലിസി ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ മേരി റെജി, ജോളി കുന്നപ്പള്ളി, വി. ശോഭ, ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ ബീന റോജസ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ചെയർ പേഴ്സൺ സിന്ധു ബെന്നി, ആസൂത്രണ സമിതി ഉപാധ്യക്ഷൻ ബെന്നി ഫിലിപ്പ്, എടപ്പുഴ വാർഡ് മെമ്പർ ഷൈനി വർഗ്ഗീസ്, ഈന്തുംകരി വാർഡ് മെമ്പർ ജോസ് എ വൺ, പഞ്ചായത്ത് സെക്രട്ടറി സുധീർ കെ. പി. എന്നിവർ സംസാരിച്ചു.

വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: നിതിൻ സി ജോസഫ് | സബ് എഡിറ്റേഴ്സ്: എലിസബത്ത് ടി സാബു, നയന എം നായർ, ശാനിബ ടി, സെബിമോൾ കെ വർഗ്ഗീസ്, ജിഷ്ണ ബാലകൃഷ്ണൻ എം, ലിഡിയ ജേക്കബ് | ഫോട്ടോഗ്രാഫേഴ്സ്: ലിഡിയ ജേക്കബ്, എലിസബത്ത് ടി സാബു | ഡിസൈൻ: നയന എം നായർ